'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 28-01-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് - 6 മീറ്റർ വീതി ലഭ്യമല്ലാത്ത ടി.എസ്.പി. , എസ്.സി.പി. വിഭാഗത്തിലുള്ള 7 റോഡ് പ്രവൃത്തികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.464/2020/LSGD തീയതി,തിരുവനന്തപുരം, 25/02/2020

---

പരാമർശം:- 1. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.08.2019-ലെ കത്ത്

2. 26.09.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.8-ാം നമ്പർ തീരുമാനം

3. 28.01.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.18-ാം നമ്പർ തീരുമാനം

### ഉത്തരവ്

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് 2019-20 വാർഷിക പദ്ധതിയിലെ പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത 7 റോഡുകൾക്ക് 6 മീറ്റർ വീതി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിന് പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു. ഓരോ റോഡിന്റേയും വീതി, നീളം എന്നിവ സഹിതമുള്ള വിശദാംശങ്ങൾ സഹിതം സമർപ്പിക്കാൻ പരാമർശം (2) പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട വിശദമായ പ്രൊപ്പോസൽ പരിഗണിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി, മാനദണ്ഡ പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും സോഷ്യൽ മാപ്പിന്റെയും അടിസ്ഥാനത്തിൽ, പ്രവൃത്തികൾ എല്ലാം പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ നിന്നും ആരംഭിക്കേണ്ടതാണ് എന്ന നിബന്ധനയോടെ നടപ്പാക്കുന്നതിന് അനുമതി നൽകാൻ പരാമർശം ( 3 ) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള 6 മീറ്ററിൽ കുറവ് വീതിയുള്ള ചുവടെ പറയുന്ന റോഡ് പ്രവൃത്തികളുടെ പദ്ധതികൾക്ക് മാനദണ്ഡ പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും സോഷ്യൽ മാപ്പിന്റെയും അടിസ്ഥാനത്തിൽ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. പ്രവൃത്തികൾ എല്ലാം തന്നെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും ആരംഭിക്കേണ്ടതാണ്.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | തുക (രൂപ) | നീളം (മീറ്റർ) | വീതി (മീറ്റർ) |
|---|---|---|---|---|---|
| 1 | 21/20 | തോണിച്ചാൽ ശിവൻകുന്ന് റോഡ് കോൺക്രീറ്റ് -എടവക പഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 400 | 3 |
| 2 | 22/20 | കൊല്ലിയിൽ കൊളമ്പക്കൊല്ലി കോളനി റോഡ് തൊണ്ടർനാട് പഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 1000 | 5 |
| 3 | 28/20 | ഗോദാവരി കോളനി റോഡ് കോൺ ക്രീറ്റ് -തവിഞ്ഞാൽ പഞ്ചായത്ത് | 6,00,000 (റ്റി.എസ്.പി) | 800 | 5 |
| 4 | 37/20 | മോനിച്ചൻകുന്ന് മണലിമൂല കോളനി റോഡ്-കോൺക്രീറ്റിംഗ് -തവിഞ്ഞാൽ പഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 800 | 5 |
| 5 | 38/20 | തവിഞ്ഞാൽ പഞ്ചായത്തിലെ പ്രിയദർശിനി കോളനി റോഡ് സൈഡ് കെട്ട് മൺപണി | 7,00,000 (റ്റി.എസ്.പി) | 250 | 3 |
| 6 | 41/20 | വെങ്ങ ചെന്നി എസ്.റ്റി.കോളനി റോഡ് കോൺക്രീറ്റിംഗ് -എടവക ഗ്രാമപഞ്ചായത്ത് | 7,00,000 (റ്റി.എസ്.പി) | 400 | 3 |
| 7 | 68/20 | ചെറുവയൽ കോളനി റോഡ് സൈഡ് കെട്ട് കോൺക്രീറ്റ് -എടവക ഗ്രാമപഞ്ചായത്ത് | 5,00,000 (റ്റി.എസ്.പി) | 250 | 3 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
UNDER SECRETARY

പകർപ്പ്: പ്രസിഡണ്ട്/സെക്രട്ടറി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്,വയനാട്

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ&പിആർഡി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed NISAM N
Date: 2020 12:39:55 IST
Reason: Approved

സെക്ഷൻ ഓഫീസർ